REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-10-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു അഞ്ചാമത് ദേശീയ ജലപുരസ്കാരങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.
- 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് റഷ്യയിലെ കസാനിൽ.
- "എന്റെ ഭൂമി" സംയോജിത പോർട്ടൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിയ്ക്കുന്നു. വയനാട്ടിൽ പ്രമുഖ സ്ഥാനാർത്ഥികൾ നാളെയും മറ്റന്നാളുമായി പത്രിക നൽകും.
- കല്ലായ് പുഴ നവീകരണ പദ്ധതി വൈകിട്ട് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും.

## വാർത്തകൾ വിശദമായി

**രാഷ്ട്രപതി ദ്രൗപതി മുർമു അഞ്ചാമത് ദേശീയ ജലപുരസ്കാരങ്ങൾ ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ സമ്മാനിക്കും. ഒൻപത് വിഭാഗങ്ങളിലായി 38 പേർക്കാണ് കേന്ദ്രജലശക്തി മന്ത്രാലയം 2023 ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**....(വോയ്സ്).....**

മികച്ച സംസ്ഥാനം, ജില്ല, ഗ്രാമപഞ്ചായത്ത്, തദ്ദേശ സ്ഥാപനം, ജലം ഉപയോഗിക്കുന്ന അസോസിയേഷൻ, മികച്ച ജലവിനിയോഗ സമൂഹം എന്നീ തലങ്ങളിലാണ് ദേശീയ പുരസ്കാരങ്ങൾ നൽകുന്നത്.

മികച്ച സംസ്ഥാനമായി ഒഡീഷയെ തിരഞ്ഞെടുത്തു. ഉത്തർപ്രദേശാണ് രണ്ടാം സ്ഥാനത്ത്. ഗവൺമെന്റിന്റെ ജൽസമൃദ്ധി ഭാരത് എന്ന കാഴ്ചപ്പാടിനനുസൃതമായി ജലവിനിയോഗ രംഗത്ത് മികച്ച സംഭാവനകൾ നൽകുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കുമാണ് പുരസ്കാരങ്ങൾ നൽകുന്നത്.

✪✪✪

16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് റഷ്യയിലെ കസാനിലെത്തും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ക്ഷണ പ്രകാരമാണ് സന്ദർശനം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

"സന്തുലിതമായ ആഗോള വികസനത്തിന് ബഹുമുഖ ശാക്തീകരണം" എന്നതാണ് ഇത്തവണത്തെ ഉച്ചകോടി പ്രമേയം. ഇന്ത്യയ്ക്കും, റഷ്യയ്ക്കും പുറമേ ബ്രസീൽ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളും ഉച്ചകോടിയിൽ പങ്കെടുക്കും. സാമ്പത്തിക സഹകരണം, ഊർജം, ഭക്ഷ്യ സുരക്ഷ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുകയാണ് രണ്ടു ദിവസത്തെ ഉച്ചകോടി ലക്ഷ്യമിടുന്നത്.

രണ്ടു ദിവസത്തെ സന്ദർശനത്തിനിടെ റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിനുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ചയും നടത്തും.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ “എന്റെ ഭൂമി” സംയോജിത പോർട്ടൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. രാജ്യത്തെ ആദ്യ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്. ഭൂമിയുടെ കൈമാറ്റം, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമി നികുതി അടവ്, ന്യായവില നിർണയം, ഭൂമിയുടെ തരംമാറ്റം തുടങ്ങി നിരവധി സേവനങ്ങൾ എന്റെ ഭൂമി പോർട്ടൽ വഴി ലഭിക്കും.

കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ, മൂന്ന് മാസത്തിനകം സംസ്ഥാനത്തെ ഡിജിറ്റൽ സർവെ പൂർത്തിയായ 212 വില്ലേജുകളിലും ലഭ്യമാകും.

✪✪✪

സ്ഫോടക വസ്തു നിയമത്തിൽ കേന്ദ്രം വരുത്തിയ ഭേദഗതി പ്രാബല്യത്തിൽ വന്നാൽ കേരളത്തിലെ ആരാധനാലയങ്ങളിലെ വെടിക്കെട്ട് മുടങ്ങുമെന്ന് മന്ത്രി VN വാസവൻ തിരുവനന്തപുരത്ത് പറഞ്ഞു. തൃശൂർപ്പൂരമുൾപ്പെടെ പരിപാടികളിലെ വെടിക്കെട്ട് ഉപേക്ഷിക്കേണ്ടി വരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിരവധി ആരാധനാലയങ്ങളെയും, ഉത്സവങ്ങളെയും ബാധിക്കുന്ന ഈ ഭേദഗതി കേന്ദ്രം പിൻവലിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ UDF സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി നാളെ നാമനിർദേശ പത്രിക സമർപ്പിക്കും. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സൺ സോണിയ ഗാന്ധിയും, ലോക്സഭ പ്രതിപക്ഷ നേതാവും വയനാട് മുൻ MP യുമായ രാഹുൽ ഗാന്ധിയും പ്രിയങ്കയ്ക്കൊപ്പം വയനാട്ടിലെത്തും. റോഡ് ഷോയ്ക്ക് ശേഷമായിരിക്കും പത്രികാസമർപ്പണം.

LDF സ്ഥാനാർത്ഥി സത്യൻ മൊകേരി വ്യാഴാഴ്ച പത്രിക നൽകും. മുതിർന്ന CPIM നേതാക്കളും, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം അടക്കം നേതാക്കളും വയനാട്ടിൽ സ്ഥാനാർത്ഥിക്കൊപ്പം എത്തും.

NDA സ്ഥാനാർത്ഥി നവ്യാ ഹരിദാസും വ്യാഴാഴ്ചയാണ് പത്രിക നൽകുന്നത്. ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ച് ഇന്നലെ നവ്യാ ഹരിദാസ് മണ്ഡലത്തിൽ റോഡ് ഷോ സംഘടിപ്പിച്ചിരുന്നു.

✪✪✪

വയനാട് ലോക്സഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിന് ഇതുവരെ രണ്ട് സ്വതന്ത്ര സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു. ഒരാൾ വെള്ളിയാഴ്ചയും, മറ്റൊരാൾ ഇന്നലെയുമാണ് വരണാധികാരിയ്ക്ക് പത്രിക നൽകിയത്. ഈ മാസം 25 ആണ് പത്രികാസമർപ്പണത്തിന്റെ അവസാന തീയതി. സൂക്ഷ്മ പരിശോധന 28 ന് നടത്തും. 30 ന് വൈകിട്ട് മൂന്നു വരെ പത്രിക പിൻവലിക്കാം.

✪✪✪

**ചേലക്കരയിൽ ഉപതിരഞ്ഞെടുപ്പ് ആവേശത്തിലേക്കായിക്കഴിഞ്ഞു. സ്ഥാനാർത്ഥികളുടെ ചിത്രം വ്യക്തമായതോടെ പ്രധാന മുന്നണികളുടെ തിരഞ്ഞെടുപ്പ് കൺവെൻഷനുകൾ കഴിഞ്ഞ ദിവസങ്ങളിൽ തുടങ്ങി.**

**LDF സ്ഥാനാർത്ഥി U.R പ്രദീപ്, UDF സ്ഥാനാർത്ഥി രമ്യ ഹരിദാസ്, NDA സ്ഥാനാർത്ഥ K. ബാലകൃഷ്ണൻ, DMK സ്ഥാനാർഥി K. സുധീർ എന്നിവർ തിരക്കിട്ട തിരഞ്ഞെടുപ്പ് പര്യടനത്തിലാണ്.**

✪✪✪

**പാലക്കാട് നിയമസഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിൽ ഇതുവരെ രണ്ടു പേർ പത്രിക സമർപ്പിച്ചു. മുന്നണി സ്ഥാനാർഥികൾ നാളെ മുതൽ പത്രിക സമർപ്പിച്ചു തുടങ്ങും.**

✪✪✪

**ഉന്നത വിദ്യാഭ്യാസ വകുപ്പ് കോട്ടയം ജില്ലയിൽ പൂർത്തീകരിച്ച എട്ട് കോടി 74 ലക്ഷം രൂപയുടെ പദ്ധതികൾ മന്ത്രി ഡോ. R ബിന്ദു ഇന്ന് നാടിന് സമർപ്പിക്കും. KR നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിൽ KR നാരായണന്റെ അർദ്ധകായ പ്രതിമ ഉച്ചയ്ക്ക് മന്ത്രി അനാച്ഛാദനം ചെയ്യും.**

**നാക് A++ അക്രഡിറ്റേഷൻ നേടിയ MG സർവകലാശാലയ്ക്ക് ഗവൺമെന്റിന്റെ ആദര സമർപ്പണവും മന്ത്രി നടത്തും.**

✪✪✪

**വിദ്യാർത്ഥികളെ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പഠിപ്പിക്കണമെന്ന് നിയമസഭാ സ്പീക്കർ A.N ഷംസീർ പറഞ്ഞു. കാഞ്ഞങ്ങാട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പുതിയ സ്കൂളിൽ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ. നഗരത്തിൽ മാലിന്യം അടിഞ്ഞു കൂടുന്ന പ്രദേശങ്ങൾ തിരഞ്ഞെടുത്ത് വിദ്യാർത്ഥികളുടെ സഹകരണത്തോടെ ശുചീകരിച്ച് പൂന്തോട്ടങ്ങളാക്കി മാറ്റുന്ന പ്രവർത്തനം ഏറ്റെടുക്കണമെന്ന് സ്പീക്കർ നഗരസഭയോട് ആവശ്യപ്പെട്ടു.**

✪✪✪

**ഈ മാസം 31 ന് ആരംഭിക്കുന്ന ഓസ്ട്രേലിയൻ പര്യടനത്തിന് ഇന്ത്യ A ടീമിനെ BCCI പ്രഖ്യാപിച്ചു. റുതുരാജ് ഗെയ്ക്വാദ് നയിക്കുന്ന 15 അംഗ ടീമിനെയാണ് സെലക്ഷൻ കമ്മിറ്റി തിരഞ്ഞെടുത്തത്. വിക്കറ്റ് കീപ്പർ ഇഷാൻ കിഷനും ടീമിൽ ഇടം നേടിയിട്ടുണ്ട്.**

✪✪✪

ന്യൂസിലൻഡിനെതിരായ ടെസ്റ്റ് പരമ്പരയിലെ ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിൽ, ഓൾറൗണ്ടർ വാഷിംഗ്ടൺ സുന്ദറിനെ ഉൾപ്പെടുത്തി. പൂനെയിലും മുംബൈയിലും വരാനിരിക്കുന്ന രണ്ടും മൂന്നും ടെസ്റ്റ് മത്സരങ്ങളിൽ സുന്ദറും പങ്കെടുക്കും.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കായിക മേളയിൽ 81 പോയിന്റോടെ മുക്കം ഉപജില്ല മുന്നിട്ടു നിൽക്കുന്നു. 36 പോയിന്റ് നേടിയ ബാലുശേരിയാണ് രണ്ടാം സ്ഥാനത്ത്. മത്സരങ്ങൾ ഇന്നും തുടരും.

✪✪✪

തലശ്ശേരിയിൽ കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേളയിൽ 118 പോയിന്റുമായി പയ്യന്നൂർ ഉപജില്ല മുന്നിട്ടു നിൽക്കുന്നു. 28 പോയന്റുമായി ഇരിക്കൂർ ഉപജില്ലയ്ക്കാണ് രണ്ടാം സ്ഥാനം.

സ്കൂളുകളിൽ 39 പോയിന്റുമായി കോഴിച്ചാൽ ഗവ. ഹയർ സെക്കൻഡറിയാണ് മുന്നിൽ.

✪✪✪

പാലക്കാട് റവന്യു ജില്ലാ സ്കൂൾ കായിക മേളയുടെ ആദ്യ ദിനത്തിൽ ഉപജില്ലാ തലത്തിലും സ്കൂൾ തലത്തിലും പറളി മുന്നിൽ എത്തി. ട്രാക്ക് മത്സരങ്ങൾ ഇന്ന് മുതൽ പാലക്കാട് ഗവണ്മെന്റ് മെഡിക്കൽ കോളേജ് മൈതാനത്ത് ആരംഭിക്കും.

✪✪✪

മലപ്പുറം റവന്യൂ ജില്ലാ കായികോത്സവത്തിന്റെ ആദ്യദിവസം മത്സരങ്ങൾ പൂർത്തിയായപ്പോൾ 86 പോയിന്റുമായി ഐഡിയൽ സ്കൂൾ കടകശ്ശേരി മുന്നിട്ടു നിൽക്കുന്നു. നാവാമുകുന്ദ ഹയർസെക്കണ്ടറി സ്കൂളാണ് 67 പോയിന്റോടെ രണ്ടാം സ്ഥാനത്ത്.

✪✪✪

കോഴിക്കോട് കല്ലായ് പുഴ നവീകരണ പദ്ധതി വൈകിട്ട് മന്ത്രി റോഷി അഗസ്റ്റിൻ കോതിയിൽ ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു .

**(വോയ്സ് ................ )**

**✪✪✪**

**കേരളത്തിലെ സമാന്തര സാമ്പത്തിക സങ്കേതമാണ് സഹകരണ മേഖലയെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കണ്ണൂർ കോളാരി സർവീസ് സഹകരണ ബാങ്ക് മട്ടന്നൂർ പരിയാരത്ത് ആരംഭിച്ച നാളികേര സംസ്കരണ യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എല്ലാ മേഖലകളിലും ജനങ്ങളെ ആശ്വസിപ്പിക്കാനും സഹായിക്കാനും സഹകരണ മേഖല മുൻപന്തിയിലുണ്ടെന്നും മന്ത്രി പറഞ്ഞു.**

**✪✪✪**

**ഇന്നലെ അന്തരിച്ച കിസാൻ കോൺഗ്രസ് അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് ലാൽ വർഗീസ് കൽപകവാടിയുടെ സംസ്കാരം വൈകിട്ട് നടത്തും. ആലപ്പുഴ വലിയ ചുടുകാട് ശ്മശാനത്തിൽ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം മൃതദേഹം ദഹിപ്പിക്കാനാണ് തീരുമാനം.**

**✪✪✪**

**കൊച്ചിയിൽ അറ്റകുറ്റപ്പണികൾക്കായി കുണ്ടന്നൂർ – തേവര പാലം അടച്ചതോടെ കുമ്പളം ടോൾ പ്ലാസ വഴി യാത്ര ചെയ്യുന്ന മരട് നിവാസികളെ ടോളിൽ നിന്നൊഴിവാക്കാനാകില്ലെന്ന് ദേശീയപാത അതോറിറ്റി പ്രൊജക്ട് ഡയറക്ടർ അറിയിച്ചു. താത്കാലികമായി ടോളിൽ നിന്നൊഴിവാക്കാൻ സാങ്കേതികമായി സാധിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു.**

**✪✪✪**

**പാലക്കാട് ഗവർമെന്റ് മെഡിക്കൽ കോളേജിൽ ,കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല സെൻട്രൽ സോൺ കലോത്സവം സമാപിച്ചു. 165 പോയിന്റുമായി കോട്ടയം ഗവർമെന്റ് കോളേജ് കിരീടം സ്വന്തമാക്കി. തൃശൂർ മെഡിക്കൽ കോളേജിനാണ് രണ്ടാം സ്ഥാനം. സമാപന സമ്മേളനം ഗാന രചയിതാവ് B.K ഹരിനാരായണൻ ഉദ്ഘാടനം ചെയ്തു.**

**✪✪✪**

**കേന്ദ്ര ഗവൺമെന്റിന്റെ ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാമിന്റെ ഭാഗമായി അട്ടപ്പാടി ബ്ലോക്ക് പരിധിയിലെ 6 വയസ്സിന് താഴെ കുട്ടികൾക്കായി ആധാർ ക്യാമ്പ് സംഘടിപ്പിക്കും. ഇന്ന് രാവിലെ അഗളി പഞ്ചായത്ത് ഹാളിലെ ക്യാമ്പിൽ അഗളി, ഷോളയൂർ, പുതുർ**

പഞ്ചായത്തുകളിലെ കുട്ടികൾക്ക് പങ്കെടുക്കാമെന്ന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

✪✪✪

കണ്ണൂർ - തലശ്ശേരി റൂട്ടിൽ സ്വകാര്യബസുകളുടെ അനിശ്ചിതകാല പണിമുടക്ക് ആരംഭിച്ചു. എടക്കാട് നടാലിലെ റെയിൽവേ ഗേറ്റ് കടന്നുവരുന്ന വാഹനങ്ങൾക്ക് ദേശീയപാത 66 ന്റെ സർവീസ് റോഡിലേക്ക് പ്രവേശിക്കാൻ സൗകര്യം ഒരുക്കണമെന്ന് ആവശ്യപ്പെട്ടാണ് പണിമുടക്ക്.

✪✪✪

സംസ്ഥാന പട്ടികജാതി - പട്ടിക-ഗോത്ര വർഗ്ഗ കമ്മീഷൻ കാസർകോട് ജില്ലാ പരാതി പരിഹാര അദാലത്ത് ഇന്നും നാളെയും മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ ചേരും. കമ്മീഷൻ ചെയർപേഴ്സൺ ശേഖരൻ മിനിയോടൻ, മെമ്പർമാരായ സേതു നാരായണൻ, T.K വാസു എന്നിവർ നേതൃത്വം നൽകും.

✪✪✪

കോഴിക്കോട് കുണ്ടായിത്തോട് 50 ഗ്രാം MDMA യുമായി വിഷ്ണുദേവ് എന്ന യുവാവിനെ അറസ്റ്റു ചെയ്തു. ഇയാളുടെ വീട്ടിൽ നല്ലളം പൊലീസ് നടത്തിയ തിരച്ചിലിലാണ് ലഹരി വസ്തു കണ്ടെടുത്തത്.

✪✪✪